# LITTLE FLOWER CONVENT HIGH SCHOOL, KORATTY

# MASTER PLAN
# 2023 -2028

സമഗ്ര ഗുണമേൻമ വിദ്യാലയം
വികസനരേഖ

കൊരട്ടി
30-09-2023

## ആമുഖം

'സമഗ്ര ഗുണമേന്മ വിദ്യാലയം' എന്ന ആപ്തവാക്യവുമായി പൊതുവിദ്യാലയശാക്തികരണത്തിനുള്ള ഗവണ്മെന്റ് നയങ്ങൾക്കനുസരിച്ച് 'അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്' എന്ന ആശയത്തെ ശിരസാവഹിച്ചുകൊണ്ട് സർക്കാർ നടപ്പാക്കുന്ന ഈ സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി വിദ്യാലയത്തിന്റെ സർവ്വതോമ്മുഖമായ വളർച്ചയ്ക്ക് സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു. പൊതു വിദ്യാഭ്യാസ രംഗം ആധുനികവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 4 പ്രധാന ഉപഘടകങ്ങളിൽ ഊന്നി നിൽക്കുന്ന ഈ നവീകരണ പദ്ധതിക്ക് തുടക്കം കുറിച്ചു. വ്യക്തമായ മുന്നൊരുക്കങ്ങളിലൂടെ സമയബന്ധിതമായി സമഗ്ര വിദ്യാലയ വികസന പദ്ധതിക്ക് എങ്ങനെ രൂപം നൽകാൻ കഴിയും എന്ന് ഒത്തൊരുമിച്ച് ചിന്തിക്കാൻ ഈ അവസരം നിമിത്തമാകും എന്നു പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഹൈടെക് ആക്കുവാനും ,സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവോനുമുള്ള സർക്കാരിന്റെ പുതിയ നയങ്ങളോട് കൈകോർത്ത് നീങ്ങാൻ നമുക്കാകാട്ടെ . അധ്യാപകർ , രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, വിരമിച്ച അധ്യാപകർ, പി.ടി എ , എം.പി.ടി.എ , എസ് ആർ ജി, രാഷ്ട്രീയ- സാംസ്കാരിക -സന്നദ്ധ സംഘടന പ്രവർത്തകർ , വിവിധ സർക്കാർ - സർക്കാരിതര ഏജൻസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ സജീവമായി ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി കൈകോർത്തു നിങ്ങാൻ ഈ പദ്ധതി സഹായകരമാകും. വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട എല്ലാവിധ കഴിവുകളും ലഭ്യമാകത്തക്ക വിധത്തിൽ അവരെ സജ്ജരാക്കുക എന്നതാണ് ഈ സംരംഭത്തിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

പഠന നിലവാരം എത്ര മാത്രം കുറവുണ്ടെന്ന് വിലയിരുത്തി ആ കുറവ് പരിഹരിക്കുന്നതിനുള്ള പഠന പ്രക്രിയ ഏകോപിപ്പിക്കുന്നതിന് വിദ്യാർത്ഥി കേന്ദ്രികൃതമായ ഒരു ഇടപെടലുണ്ടാകുക എന്നതാണ് ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. മതനിരപേക്ഷത ജനാതിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവത്ക്കരിക്കുക എന്ന ഒരു ഉദ്ദേശ്യം കൂടി ഇതിലൂടെ സാധിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങളുടെ സഫലീകരണത്തിനായി ഈ നവയജ്ഞം സഹായകമാകട്ടെ.

## ലക്ഷ്യങ്ങൾ

### അക്കാദമിക ഊന്നൽ

- ഭാഷാശേഷി വികസനം
  അക്ഷരജ്ഞാനത്തിൽ പ്രാവണ്യം ലഭിക്കുന്നതിന് താഴ്ന്ന ക്ലാസുകളിൽ തുടങ്ങി പ്രത്യേക പരിശീലനം നൽകുന്നു
- ഇംഗ്ലീഷ് പഠന പരിപോഷണം ലക്ഷ്യമാക്കി യു പി ക്ലാസുകളിൽ പ്രത്യേക പരിശീലനം നൽകുന്നു
- അസംബ്ലി മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഓരോ ഡിവിഷന്റെയും നേതൃത്വത്തിൽ നടത്തുന്നു
- ഭാഷാലാബിന് സൗകര്യം ഒരുക്കുന്നു
- വായന പരിപോഷിപ്പിക്കുന്നതിനായി വായനാപക്ഷാചരണം വിവിധ പരിപാടികളോടു കുടി നടത്തുന്നു
- വിവിധ ഭാഷകളിലുള്ള പുസ്തകശേഖരണം നടത്തി ഇനം തിരിച്ച് OSA, PTA ഇവരുടെ സഹായത്തോടെ സ്കൂൾ തല പ്രദർശനം നടത്തൽ.
- സ്കൂൾ പത്രം, മാസിക പ്രസിദ്ധീകരിക്കൽ.
- ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിന് ചെറിയ ക്ലാസ് മുതൽ പ്രത്യേക പരീശിലനം നൽകുന്നു.
- Science , Social, Maths, Computer ലാബുകൾ സജ്ജമാക്കി അനുഭവജ്ഞാനത്തിലൂടെ പഠന മികവ് കൈവരിക്കുന്നു.
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി പ്രോജക്റ്റ് വർക്കുകൾ നൽകുന്നു.
- സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നു.
- സാമൂഹികശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുന്നു
- രാഷ്ട്രീയ സമകാലിക പ്രശ്നങ്ങൾ തിരിച്ചറിയുന്നതിൽ കുട്ടികളെ പ്രാപ്തരാക്കുന്നു.
- ഭൂപ്രകൃതി സവിശേഷതകൾ തിരിച്ചറിയുക.
- വിദ്യാലയം പ്ലാസ്റ്റിക് വിമുക്തമാക്കുക.
- കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസരിച്ചുള്ള വിവിധ രോഗങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധനം നടത്തുക

- Mini School Planetarium സ്കൂളുകളിൽ സജ്ജമാക്കുക
- Entrance Coaching, Civil Service Coaching നടത്തുക
- ഭിന്നശേഷി കുട്ടികൾക്കായി Virtual Class Room സജ്ജമാക്കുക
- Band Set
- Digital library
- മാതാവിന്റെ ഗ്രോട്ടോ നിർമ്മാണം
- സ്നേഹ ഭവന നിർമ്മാണം
- സുവനീയർ
- ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ശുചിമുറി
- പ്രതിഭ പോഷണ പരിപാടി
- പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളുടെ ഉന്നമനത്തിന് വേണ്ടി വിവിധ പരിപാടികൾ നടത്തുന്നു.
- SSLC A+, A നേടിയവരെ ആദരിക്കൽ കുട്ടികൾക്കായി ക്യാഷ് അവാർഡ്, പഠനയാത്രകൾ, വിവിധ മേളകൾ ദിനാചരണങ്ങൾ, കോച്ചിംഗ് ക്ലാസുകൾ, യുവജനോത്സവത്തിലെ പങ്കാളിത്തം കൗൺസിലിംഗ്.
- ജൈവ വൈവിധ്യ പ്രവർത്തനങ്ങൾ

  ജൈവ വൈവിധ്യ പാർക്ക്, ഹരിതസേന കുട്ടി കർഷകനെ ആദരിക്കൽ, ഔഷധത്തോട്ട നിർമ്മാണം, പരിസ്ഥിതി ദിനാചരണം, Eco Club വിവിധ പ്രവർത്തനങ്ങൾ

- ഐ.ടി പരിശീലനം

  Multimedia Presentation, മലയാളം ടൈപ്പിംഗ്, web designing, Smart Classes, Digital Painting, ICT ഉപയോഗിച്ചുള്ള ക്ലാസുകൾ,Little Kites സജീവ പ്രവർത്തനം.
- കൗമാര വിദ്യാഭ്യാസം:- ലഹരി ബോധവൽക്കരണം, സെമിനാർ, ടീൻസ് ക്ലബ് പ്രവർത്തനം, വിമുക്തി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ.

- കൈത്താങ്ങ്:- പാഥേയം വിശക്കുന്നവർക്ക് ആഴ്ചയിൽ ഒന്ന് വീതം പൊതിച്ചോറ് നൽകൽ, പ്രകൃതി ദുരന്തങ്ങളിൽ മാരകമായ അസുഖങ്ങൾ അനുഭവിക്കുന്നവർക്ക് സഹായഹസ്തങ്ങൾ.

- പോഷകാഹാര പരിപാടികൾ

  പി.ടി.എയുടെ സഹായത്താൽ സ്കൂളിൽ രണ്ടുതരം കറികളോട് കൂടി ഉച്ചകഞ്ഞി വിതരണം, ആഴ്ചയിലൊരിക്കൽ മുട്ട. രണ്ട് ദിവസം പാൽ ഇവ നൽകുന്നു. മെഡിക്കൽ ക്യാമ്പുകൾ, ഓണക്കിറ്റ് വിതരണം, പച്ചക്കറി തോട്ടത്തിന്റെ നിർമ്മാണം, ശുദ്ധജലവിതരണം, (എന്റെ വിദ്യാലയത്തിലേക്ക് എന്റെ വക പച്ചക്കറി എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾ സ്വന്തം പച്ചക്കറി തോട്ടത്തിൽ നിന്നും പച്ചക്കറി ഉച്ച ഭക്ഷണത്തിലേക്ക് നൽകുന്നു.) ജന്മദിനാശംസകളുമായി വരുന്ന കുട്ടികൾ പച്ചക്കറികൾ സമ്മാനമായി നൽകുന്നു.

## അധ്യാപക ശാക്തികരണ പരിപാടികൾ

- സ്കൂൾതലത്തിൽ ആഴ്ചയിൽ ഒരിക്കൽ Subject Council കൂടൽ
- മാസത്തിലൊരിക്കൽ എസ് ആർ ജി ശാക്തികരണം
- വിവര സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടുന്നു
- അധ്യാപക ദിനാചരണത്തിൽ കലാപരിപാടികൾ സംഘടിപ്പിക്കൽ, കായിക മത്സരങ്ങൾ, ലക്കി ടീച്ചറിനെ തിരഞ്ഞെടുക്കൽ മുതലായവ സംഘടിപ്പിക്കൽ

## വിലയിരുത്തൽ

Unit Test, Mid Term Test, Termily Examination, Continuos Evaluation, Class PTA സജീവമാക്കൽ, ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്രപ്രവർത്തി പരിചയ മേളകൾ NMMS, USS, NAS, എന്നീ പരീക്ഷകൾക്കുള്ള സ്പെഷ്യൽ പരിശീലനം, Morning and Evening ക്ലാസ്സ്, സ്പെഷൽ ക്ലാസ് ഓരോ വിഷയത്തിനും പിന്നോക്ക സ്റ്റുഡൻസിന് ശ്രദ്ധ ക്ലാസ്സുകൾ, ഭിന്നശേഷിയുള്ളവർക്ക് പ്രത്യേക പരിശീലന ക്ലാസുകൾ.

## ചരിത്രം

പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ ചെറുപുഷ്പ വാടിയിൽ, വിടർന്ന് പരിലസിക്കുന്ന ഒരു നറുസുനങ്ങളോടൊപ്പം ഗതകാല സ്മരണകൾ അയവിറക്കിക്കൊണ്ട് കൊരട്ടി ലിറ്റിൽ ഫ്ലവർ ഹയർ സെക്കൻഡറി സ്കൂൾ 75 വാർഷികം സമുചിതമായി കൊണ്ടാടി. പൊതു വിദ്യാലയത്തിന്റെ പ്രത്യേക പരിപാടികളായ **നവപ്രഭ, ശ്രദ്ധ, മലയാളത്തിളക്കം** എന്നിവ നല്ല രീതിയിൽ നടത്തി. വിദ്യാഭ്യാസത്തിൽ കുട്ടികളെ പ്രോത്സാഹിപ്പിച്ച മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ഇത് സഹായകമാകുന്നു.

ചാലക്കുടി ഉപജില്ല കലോത്സവം 2023 നവംബർ 15, 16, 17, 18, തീയതികളിൽ നമ്മുടെ വിദ്യാലയത്തിൽ വച്ചാണ് നടന്നത്. H S വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും നമ്മുടെ വിദ്യാലയത്തിനാണ് ലഭിച്ചത്.

ഓണാഘോഷവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികൾക്കും ഓണസദ്യയും 75 കുട്ടികൾക്ക് ഓണക്കിറ്റും നൽകി.

പ്ലാറ്റിനം ജൂബിലി വർഷത്തിൽ തന്നെ പഴയകാല ഓർമ്മകൾക്ക് ജീവൻ നൽകുന്നതിന് വേണ്ടി 1948 മുതൽ 2020 വരെയുള്ള പൂർവ്വ അധ്യാപകരുടെ സംഗമം ഓഗസ്റ്റ് 12 ന് ചേരുകയും ഒരു പുതിയ അനുഭവമായി തീരുകയും ചെയ്തു.

ക്രിസ്മസ് കാലഘട്ടത്തിൽ 75 കുട്ടികൾക്ക് ക്രിസ്മസ് കേക്ക് നൽകി

**2018-19**

അധ്യായനവർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് ഇവിടെ ആരംഭിച്ചു പരിശീലനം ലഭിച്ച രണ്ട് കൈറ്റ് മാസ്റ്റർമാരുടെ നേതൃത്വത്തിൽ 40 കുട്ടികൾ എല്ലാ ബുധനാഴ്ചകളിലും പരിശീലനത്തിനായി I T ലാബിൽ ഒരുമിച്ചു കൂടുന്നു

ആധുനിക വാർത്താവിനിമയ മാധ്യമങ്ങളായ സ്കൂൾ റേഡിയോ, ഡിജിറ്റൽ ലൈബ്രറി, യൂട്യൂബ് ചാനൽ, എന്നിവയുടെ ഉദ്ഘാടനവും

ജനുവരി 5  ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ പ്രൊഫ. രവീന്ദ്രനാഥ് അവറുകൾ നിർവഹിച്ചു. സ്കൂൾ റേഡിയോ എൽ എഫ് വോച്ചേയിൽ ബഹു. മന്ത്രിയുമായുള്ള അഭിമുഖം ഉണ്ടായിരുന്നു. വിദ്യാർത്ഥികൾ അഭിനയിച്ച ഷോർട്ട് ഫിലിം യൂട്യൂബ് ചാനൽ ആയ L F Evento -ൽ സംപ്രേഷണം ചെയ്തു

**<u>പ്രളയബാധിതർക്ക് ഒരു കൈത്താങ്ങ്</u>**

ഓഗസ്റ്റ് മാസത്തിൽ നാടിനെ നടുക്കിയ പ്രളയദുരന്തത്തിൽ ദുരിതബാധിതർക്ക് ഒരു കൈത്താങ്ങായി ഈ വിദ്യാലയം പ്രവർത്തിച്ചു.



തൃശ്ശൂർ ജില്ലയിലെ ചാഴൂർ പഞ്ചായത്തിൽ വെള്ളം കയറി വീടും വാസവും നഷ്ടപ്പെട്ട സഹോദരങ്ങൾക്ക് വിദ്യാർത്ഥികൾ ആറായിരം രൂപയുടെ കിറ്റ് വിതരണം ചെയ്തു. ദുരിതാശ്വാസ ക്യാമ്പ് ആയി പ്രവർത്തിച്ചപ്പോൾ മാനേജ്മെന്റ് മുൻകൈയെടുത്ത് ക്യാമ്പ് അംഗങ്ങളുടെ ഭക്ഷണവും മറ്റ് അവശ്യസാധനങ്ങളും നൽകി. ഈ വിദ്യാലയത്തിലെ 300 കുട്ടികളുടെ വീടുകളിൽ വെള്ളം കയറിയപ്പോൾ ഓണാഘോഷം വേണ്ടെന്നുവച്ച് അതിൻറെ തുകയും സ്പോൺസർഷിപ്പിലൂടെ ലഭിച്ച തുകയും

വിദ്യാർത്ഥികൾക്ക് യൂണിഫോം, പുസ്തകങ്ങൾ, മറ്റു പഠനോപകരണങ്ങൾ എന്നിവ നൽകുകയും ദുരന്തഭീതി വിട്ടുമാറാത്ത കുട്ടികൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു. അധ്യാപകരും PTA അംഗങ്ങളും പ്രളയബാധിതരായ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

## 2019-20

കാലഘട്ടത്തിൽ വീണ്ടും ഒരു പ്രളയത്തിന് കൂടി കേരളം സാക്ഷ്യം വഹിച്ചപ്പോൾ കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ച 30 കുട്ടികൾക്ക് 1500/- രൂപയുടെയും, അല്ലാത്തവർക്ക് 1000/- രൂപയുടെയും കിറ്റുകളും നൽകി.
ക്യാൻസർ രോഗിയായി ചികിത്സയിൽ കഴിയുന്ന സഹപാഠിക്കായി 175000/- രൂപ സാമ്പത്തിക സഹായം നൽകി.

## 2020-21

2020 മാർച്ചിൽ 337 കുട്ടികൾ എസ്. എസ്. എൽ. സി എക്സാം എഴുതി 100% വിജയം. 47 FULL A+ 23 A+, A നേടിയത് ഈ വിദ്യാലയത്തിന്റെ മികവാർന്ന അധ്യയനത്തിന് തെളിവാണ് 2020 ൽ USS ന് 5 കുട്ടികൾക്കും NMMS ന് 2 കുട്ടികൾക്കും സ്കോളർഷിപ്പ് ലഭിച്ചു.

## 2021-2022

ലോകം മുഴുവൻ പിടിച്ചു കുലുക്കിയ ചരിത്ര സംഭവമായ കോവിഡ് കാലത്തെ അതിജീവിച്ച്. 2021 മാർച്ചിൽ 316 വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി എഴുതി 175 FULL A+ നേടി. സ്മാർട്ട് ഫോൺ ഇല്ലാത്തതിനാൽ ക്ലാസ് റൂമിൽ കൃത്യസമയത്ത് പങ്കെടുക്കാൻ കഴിയാത്ത പല കുട്ടികളുടെയും നിസ്സഹായ അവസ്ഥ ഹെഡ്മിസ്ട്രസ് അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തുകയും. തുടർന്ന് അതിജീവനത്തിന്റെ പാതയിലൂടെ നീങ്ങിയ കാലഘട്ടമായിരുന്നു 2021



അധ്യാപകർ, മാനേജ്മെന്റ്, ഗുണകാംക്ഷികൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഏകദേശം നാല് ലക്ഷത്തോളം രൂപ വിലവരുന്ന 52 മൊബൈൽ ഫോൺ വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

JRC സംഘടനയും, SPC സംഘടനയും, നിർധനരായ കുട്ടികൾക്ക് മൊബൈൽ ഫോണും പഠനോപകരണങ്ങളും നൽകി. യു. പി ക്ലാസ്സിലെ കുട്ടികളെ മാതൃഭാഷയിൽ പ്രവീണ്യം ഉള്ളവരാക്കാൻ വായന കളരി സംഘടിപ്പിച്ചു.

ഡയറ്റിൽ (DIET) നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് രക്ഷാകർത്ത്യബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. ജോസി വർക്കി ഫാദർ എമിൽ ഐസക്, ASI ശ്രീ. ഫിസ്റ്റോ ഇവരുടെ നേതൃത്വത്തിൽ പലഘട്ടങ്ങളിലായി നടത്തിയ വെബ്നാറിൽ നമ്മുടെ 1528 കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു.

പഠനത്തിൽ മികവ് തെളിയിക്കുന്ന നിർധനരായ പത്തു കുട്ടികൾക്ക് 3000/- രൂപ കാർമൽ അസോസിയേഷനിൽ നിന്നും സ്കോളർഷിപ്പ് നൽകിവരുന്നു.

2021ൽ സ്ഥാപനത്തിന്റെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ ഫയർ ആൻഡ് സേഫ്റ്റി സ്ഥാപിച്ചു.

**2022-23**

ചാലക്കുടി ഉപജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി പരീക്ഷ എഴുതിയ വിദ്യാലയങ്ങളിൽ ഒന്നായ ഈ സ്ഥാപനത്തിൽ 2022 മാർച്ചിൽ 345 കുട്ടികൾ പരീക്ഷയെഴുതി. 100% വിജയവും , 66 ഫുൾ എ പ്ലസും, 33 9A+, A ഗ്രേഡും നേടി.



നവംബറിൽ ചാലക്കുടി SHCGHS വിദ്യാലയത്തിൽ വച്ച് നടന്ന ഉപജില കലോത്സവത്തിൽ യു.പി, എച്ച്.എസ് വിഭാഗങ്ങളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. യു.പി കഥാപ്രസംഗം, എച്ച്.എസ് തമിഴ് പ്രസംഗം, കാർട്ടൂൺ, ഹിന്ദി കവിത രചന, ഗിറ്റാർ എന്നീ വ്യക്തിഗത ഇനങ്ങളിൽ 1ST എ ഗ്രേഡും, എച്ച്.എസ് തിരുവാതിര, മാർഗംകളി, സംഘഗാനം, ഉറുദു സംഘഗാനം എന്നീ ഗ്രൂപ്പിനങ്ങളിൽ 1ST എ ഗ്രേഡും ലഭിച്ചു. Young Scientist വാർത്തെടുക്കാനായി ഉപജില്ല തലത്തിൽ നടന്ന സയൻസ് ഫെയർ വർക്കിംഗ് മോഡലിൽ റീസൺ വർഗീസ്, ജാസി മോൻ ബിജു എന്നിവർ 1ST എ ഗ്രേഡ് കരസ്ഥമാക്കി. "വിഷൻ ഫോർ ഇന്ത്യ 2047" നാഷണൽ ലെവൽ ലെറ്റർ റൈറ്റിംഗ് കോമ്പറ്റീഷനിൽ അഖില ബിജു രണ്ടാം സ്ഥാനത്തിന് അർഹയായി.10,000 രൂപ ക്യാഷ് അവാർഡ് കുട്ടിക്ക് സമ്മാനമായി ലഭിച്ചു. യങ് ഇന്നോവേറ്റീവ് പ്രോഗ്രാം 8, 9 ക്ലാസുകൾക്ക് വേണ്ടിയുള്ള രണ്ട് വർഷം നീണ്ടുനിൽക്കുന്ന ബഹുത്തായ പദ്ധതിയാണിത്. 8, 9 നിന്ന് ക്ലാസുകളിൽ കുട്ടികൾ വിഷയം പഠിച്ച് അവതരിപ്പിച്ചതിൽ

നിന്ന് ഒമ്പതാം ക്ലാസിലെ ഗോവർദ്ധൻ എം. യു ഒന്നാം സ്ഥാനത്ത് എത്തി. സോഷ്യൽ സയൻസിന്റെ നേതൃത്വത്തിൽ ഉപജില്ലയിലുള്ള ശാസ്ത്രോത്സവത്തിലും ജില്ലാ സ്റ്റേറ്റ് തലത്തിലും വാർത്ത വായന മത്സരത്തിൽ മത്സരത്തിൽ ജോവിയൽ ജിജോ 1st A ഗ്രേഡ് കരസ്ഥമാക്കി. പ്രവർത്തി പരിചയമേള സബ്ജില്ല ജില്ലാ സ്റ്റേറ്റ് തലങ്ങളിൽ പേപ്പർ ക്രാഫ്റ്റ് മത്സരത്തിൽ ഒമ്പതാം ക്ലാസിലെ ജൂഡിദ് ജോബി 1st A ഗ്രേഡ് കരസ്ഥമാക്കി.



സ്വാതന്ത്ര്യത്തിന്റെ 75- വാർഷികാഘോഷത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ല സംഘടിപ്പിച്ചിട്ടുള്ള അമൃതോത്സവത്തോടനുബന്ധിച്ച് കൊരട്ടി ലിറ്റിൽ ഫ്ലവർ കോൺവെൻറ് ഹൈസ്കൂളിൽ ഇന്ത്യ@75 എന്ന പേരിൽ JRC യുടെ നേതൃത്വത്തിൽ ഒരു പ്രദർശനം നടത്തി. ഓണാഘോഷത്തോടനുബന്ധിച്ച് കേഡറ്റുകൾ 40 കുടുംബങ്ങൾക്ക് ഓണകിറ്റുകൾ വിതരണം ചെയ്ത് സഹപാഠികൾക്ക് കാരുണ്യത്തിന്റെ കരസ്പർശമേകി.

ലഹരിയുടെ ഉപയോഗം കൂടിവരുന്ന ഈ കാലഘട്ടത്തിൽ ലഹരി വിപണത്തിനെക്കുറിച്ച് ബോധവൽക്കരിക്കാൻ ഫ്ലാഷ് മോബ്, സ്കിറ്റ് തുടങ്ങിയ പരിപാടികൾ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എസ് പി സി കേഡറ്റ് നടത്തി. നിർധനരായ കുട്ടികളെ പഠിപ്പിക്കുന്നതിനും "സ്നേഹഭവനത്തിനുമായ" OSA സഹായം നൽകി.




വിശക്കുന്നവന് അന്നം എന്ന ആശയം മുൻനിർത്തി എസ്പിസി കുട്ടികളോട് ചേർന്ന് വിദ്യാലയത്തിലെ എല്ലാ കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ, 50 പൊതിച്ചോറ് എന്ന കണക്കിൽ എല്ലാ വെള്ളിയാഴ്ചയിലും പാഥേയം പദ്ധതിയിൽ പങ്കാളികളായി.

ജൂബിലിയുടെ നിറവിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് 2022 ഒക്ടോബർ പത്താം തീയതി തുടക്കം കുറിച്ചു. തുടർന്ന് ആരാധന സഭ ജനറൽ കൗൺസിൽ മദർ . ആൻസി മാപിള പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചാലക്കുടി എം. എൽ. എ. ശ്രീ. സനീഷ് കുമാർ ജോസഫ് ഭദ്രദീപം കൊളുത്തി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ജൂബിലി സ്മരിണികയായ ജൂബിലി ഫലകം വികർ പ്രൊവിൻഷ്യൽ സി. ആനി തച്ചിൽ അനാച്ഛാദനം ചെയ്തു. പ്രസ്തുത യോഗത്തിൽ കൊരട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി .സി. ബിജു, വാർഡ് മെമ്പർ ശ്രീമതി ജൈനി ജോഷി, ഇരിഞ്ഞാലക്കുട ഡി .ഇ. ഓ. ശ്രീ ജസ്റ്റിൻ തോമസ്, പി.ടി.എ പ്രസിഡൻറ് ശ്രീ മനോജ് ജോസഫ് ഒ എസ് എ പ്രതിനിധി മദർ തെക്ല എന്നിവർ ആശംസകൾ അർപ്പിച്ചു. മുൻ മാനേജർമാരുടെയും പ്രധാന അധ്യാപകരുടെയും സാന്നിധ്യം ഏറെ സന്തോഷപ്രദമായിരുന്നു. വിദ്യാർത്ഥികൾ അടക്കം 2000 പേർക്ക് സ്നേഹവിരുന്നും നൽകി.



സഹപാഠിക്ക് ഒരു വീട് ജീവകാരുണ്യ പ്രവർത്തനങ്ങൾ, സുവനീർ എന്നീ കർമ്മപരിപാടികൾ ജൂബിലി വർഷത്തിൽ വിഭാവനം ചെയ്യുന്നു.

കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യങ്ങളും നവീകരിച്ച ക്ലാസ് മുറികളും തയ്യാറാക്കുന്നതിൽ മാനേജ്മെൻറ് ഏറെ ശ്രദ്ധ ചെലുത്തുന്നു. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 1350000 ലക്ഷം രൂപ ചെലവ് ചെയ്ത സോളാർ പാനലും ജൂബിലി വർഷം നിർമിച്ചു, എന്നത് ഏറെ സന്തോഷത്തോടെ ഓർക്കുന്നു.

## പഠന പഠ്യേതര മികവുകൾ:

### 2018-2019

2018 ൽ 304 കുട്ടികൾ എസ്എസ്എൽസി പരീക്ഷയെഴുതി. 43 A+ ,25 A+, A നേടി. 2018 -19 അധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഇവിടെ ആരംഭിച്ചു. 40 കുട്ടികൾ അംഗത്വം നേടി. ഓഗസ്റ്റ് ആരംഭത്തിൽ നാടിനെ നടുക്കിയ പ്രളയത്തിൽ ദുരിതബാധിതർക്കോയി ഒരു കൈത്താങ്ങ്. വെള്ളം കയറിയ വീട്ടുകാർക്ക് 60,000 രൂപയുടെ കിറ്റ് വിതരണം ചെയ്തു . മാനേജ്മെൻറ് മുൻകൈയെടുത്ത് ക്യാമ്പുകൾക്ക് ഭക്ഷണവും മറ്റു സഹായങ്ങളും നൽകി. ഓണാഘോഷം വേണ്ടെന്ന് വെച്ച് സഹായങ്ങൾ നൽകി.

### 2019-2020

16 ക്യാമറകൾ ഉൾപ്പെടുത്തി 2019 മാർച്ചിൽ സ്കൂൾ പരിസരം സി.സി. ടിവിയുടെ നിരീക്ഷണത്തിലായി. 278 കുട്ടികൾ എസ്എസ്എൽസി പരീക്ഷ എഴുതി 100% വിജയം കരസ്ഥമാക്കി. 46 ഫുൾ A+ 27 A+, A നേടി. മലയാളത്തിളക്കം, സുരിലി ഹിന്ദി, ഹലോ ഇംഗ്ലീഷ്, എന്നീ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തപ്പെട്ടു

സബ്ജില്ലാ കലോത്സവം യുപിഎച്ച്എസ്എസ് ഓവറോൾ റവന്യൂ കലോത്സവ ഇനത്തിൽ A ഗ്രേഡും. വിദ്യാരംഗം കലാസാഹിത്യ വേദി ഉപജില്ല ശില്പശാലയിൽ നാല് ഇനത്തിൽ ഒന്നാം സ്ഥാനവും
സർമാഗ ബോധനത്തിൽ അതിരൂപതയിൽ നാലു കുട്ടികൾ സ്കോളർഷിപ്പിനും അർഹതനേടി .രണ്ട് കുട്ടികൾക്ക് A+ ഗ്രേറ്റ് നേടി.
10 കുട്ടികൾക്ക് കാർമൽ അസോസിയേഷൻ സ്കോളർഷിപ്പ് നൽകിവരുന്നു ചാവറോൾസംഘത്തിൽ ഓവറോൾ ഫസ്റ്റ് ലഭിച്ചു. യുവ മാസ്റ്റർ മൈൻഡ് നടത്തിയ ബേബി സാറ്റ് ബാക്ക് എന്ന പ്രോജക്റ്റിന് കുമാരി ഫിസ മറിയത്തിന് അംഗീകാരം ലഭിച്ചു. 2020 പ്രവർത്തി പരിചയമേളയിൽ ബീഡ്സ് വർക്ക് ഇനത്തിൽ എയ്ഞ്ചൽ ബൈജുവിന് A ഗ്രേഡും ലഭിച്ചു (സ്റ്റേറ്റ് മത്സരത്തിൽ). യുപി ക്ലാസ് റൂം ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി 14 ലാപ്ടോപ്പ് ആറ് പ്രൊജക്ടർ, 14 യു എസ് ബി സ്പീക്കർ എന്നിവ ഗവൺമെൻറ് നിന്നും ലഭിച്ചു. 2019-20 കാലഘട്ടത്തിൽ വീണ്ടും ഒരു പ്രളയത്തിനു കൂടി കേരളം സാക്ഷ്യം വഹിച്ചപ്പോൾ കൂടുതൽ

നാശനഷ്ടങ്ങൾ സംഭവിച്ച 30 കുട്ടികൾക്ക് 1500 രൂപയും, ആയിരം രൂപയുടെ കിറ്റുകൾ നൽകി. ക്യാൻസർ രോഗിയായി ചികിത്സയിൽ കഴിയുന്ന സഹപാഠിക്കായി 1 മുക്കാൽ ലക്ഷം രൂപ സാമ്പത്തിക സഹായം നൽകി .

**2020-21**

2020 മാർച്ചിൽ 337 കുട്ടികൾ എസ്എസ്എൽസി എക്സാം എഴുതി 100% വിജയവും 47 ഫുൾ എ പ്ലസ് ഗ്രേഡും 23 എ+ നേടിയത് ഈ വിദ്യാലയത്തിന്റെ മികവാർന്ന അധ്യായനത്തിന് സാക്ഷ്യമാണ് 2020 ൽ യു എസ് എസ് 5 കുട്ടികൾക്കും, എൻ എം എം എസ് രണ്ടു  കുട്ടികൾക്കും സ്കോളർഷിപ്പ് ലഭിച്ചു.

**2021 -2022**

2021 മാർച്ചിൽ 316 വിദ്യാർത്ഥികൾ എസ്എസ്എൽസി എക്സാം എഴുതി. 175 ഫുൾ എ പ്ലസ് നേടി സ്മാർട്ട്ഫോൺ ഇല്ലാത്തതിനാൽ ഗൂഗിൾ ക്ലാസ് റൂമിൽ കൃത്യസമയത്ത് പങ്കെടുക്കാൻ കഴിയാത്ത പല കുട്ടികളുടെയും നിസ്സഹായാവസ്ഥ ഹെഡ്മിസ്ട്രസ് അധ്യാപകരുടെ ശ്രദ്ധയിൽ പെടുകയും അധ്യാപകർ മാനേജ്മെൻറ് ഗുണകാംക്ഷികൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഏകദേശം നാല് ലക്ഷത്തോളം വില വരുന്ന 52 മൊബൈൽ ഫോൺ വിദ്യാർഥികൾക്ക് വിതരണം ചെയ്തു JRC സംഘടനയും എസ്പിസി സംഘടനയും നിർധനരായ കുട്ടികൾക്ക് മൊബൈൽ ഫോണും പഠനോപകരണങ്ങളും നൽകി യുപി ക്ലാസിലെ കുട്ടികളെ മാതൃഭാഷയിൽ പ്രാവീണ്യമുള്ളവരാക്കുവാൻ വായനാക്കളരി സംഘടിപ്പിച്ചു ഡയറ്റിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച്,  രക്ഷാകർതൃ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു അസിസ്റ്റൻറ് ഫ്രീസ്റ്റോ ഇവരുടെ നേതൃത്വത്തിൽ പല ഘട്ടങ്ങളിലായി നടത്തിയ വെബിനാറിൽ നമ്മുടെ 1528 കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. പഠനത്തിൽ മികവ് തെളിയിക്കുന്ന നിർധനരായ 10 കുട്ടികൾക്ക് അസോസിയേറ്റ് നിന്നും സ്കോളർഷിപ്പ് നൽകിവരുന്നു 2021 ൽ  സ്ഥാപനത്തിന്റെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുവാൻ ഫയർ ആൻഡ് സേഫ്റ്റി സ്ഥാപിച്ചു

2022-23

ചാലക്കുടി ഉപജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്എസ്എൽസി പരീക്ഷ എഴുതിയ വിദ്യാലയങ്ങളിൽ ഒന്നായ ഈ സ്ഥാപനത്തിൽ 2022 മാർച്ച് 345 കുട്ടികൾ പരീക്ഷ എഴുതി 100% വിജയവും 66 ഫുൾ എ പ്ലസ് 339 എ 9 A+, A ഗ്രേഡ് നേടി. നവംബറിൽ ചാലക്കുടി SHCGHS വിദ്യാലയത്തിൽ വച്ച് നടന്ന ഉപജില്ല കലോത്സവത്തിൽ യുപിഎച്ച്എസ് വിഭാഗങ്ങളിൽ മൂന്ന് സ്ഥാനം കരസ്ഥമാക്കി യുപി കഥാപ്രസംഗം, തമിഴ് പ്രസംഗം, കാർട്ടൂൺ, ഹിന്ദി, കവിത രചന, എന്നീ വ്യക്തിഗത ഇനങ്ങളിൽ ഫസ്റ്റ് A ഗ്രേഡും എച്ച് എസ് തിരുവാതിര മാർഗംകളി എന്നീ ഇനങ്ങളിൽ ഫസ്റ്റ് A ഗ്രേഡും നേടി.

# പദ്ധതി വിശദാംശങ്ങൾ

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുവാനുള്ള കഴിവ് ആർജിക്കൽ | വായന കാർഡുകൾ പുസ്തകങ്ങൾ എന്നീ വായിക്കുന്നു ചിത്രങ്ങൾ വായിക്കുന്നു | **JUNE & JULY** | **ENGLISH TEACHER PARENTS** | **Rs. 500/-** |
| എഴുത്തിന്റെ നിലവാരം ഉയർത്തൽ | എഴുതാനുള്ള അവസരം കൂടുതലായി നൽകുന്നു | **JULY & AUGUST** | **TEACHER PTA** | **Rs. 500/-** |
| ഇംഗ്ലീഷ് എഴുതാനും ആശയങ്ങൾ പങ്കുവയ്ക്കാനുള്ള ആത്മവിശ്വാസം വളർത്തുന്നു | വിവിധ പ്രവർത്തനങ്ങൾ ആങ്കറിങ് ഡിബേറ്റ്സ് പ്രസംഗങ്ങൾ എന്നിവ ചെയ്യുന്നു | **6 MONTHS** | **TEACHER PTA** | **Rs. 1000/-** |
| ഇംഗ്ലീഷിൽ ചിന്തിക്കുന്നതിനും സംസാരിക്കുന്നതിനും എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു | അസംബ്ലി ഇംഗ്ലീഷ് ഫസ്റ്റ് റോൾപ്ലേ റേഡിയോ, ഡ്രാമ | **3 MONTHS** | **TEACHER PTA** | **Rs. 1000/-** |
| കുട്ടികളുടെ ഉച്ചാരണവും സംഭാഷണവും മെച്ചപ്പെടുത്തൽ | ലാംഗ്വേജ് ലാബ് | **5 YEAR** | **TEACHER SCHOOL MANAGE MENT** | **Rs. 10000/-** |

# പദ്ധതി വിശദാംശങ്ങൾ

| മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു | ലിപിപരിചയം<br>പദപരിചയം<br>ഉച്ചാരണ ശുദ്ധി<br>സന്ധി നിർണയം | ഒരു വർഷം | മലയാളം അധ്യാപിക<br>രക്ഷിതാക്കൾ | Rs. 1000/- |
| മുഴുവൻ കുട്ടികളും സർഗാത്മക രചനനടത്തുന്നതിന് പ്രാപ്തരാക്കുന്നു | ഉച്ചാരണ സ്ഫുടതയോട് കൂടിയ സ്രാവ വായന<br>ഉപന്യാസം<br>സെമിനാർ<br>എഡിറ്റോറിയൽ<br>കത്ത്, പ്രഭാഷണം<br>വിശകലനക്കുറിപ്പ് | ഒരു വർഷം | മലയാളം അധ്യാപിക<br>രക്ഷിതാക്കൾ | Rs. 30000/- |
| മുഴുവൻ കുട്ടികളും സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുന്നു | കൊളാഷ്<br>കാവ്യ ആലാപനം<br>നാടൻപാട്ട്<br>ക്വിസ് മത്സരം<br>പ്രസംഗം | ആറുമാസം | മലയാളം അധ്യാപിക<br>രക്ഷിതാക്കൾ | Rs. 500/- |

# പദ്ധതി വിശദാംശങ്ങൾ

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | കാർഡുകൾ നൽകി അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷൻ സഹായിത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | **2 MONTHS** | **TEACHER PARENTS** | **Rs. 500/-** |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു കാർട്ടൂൺ ചിത്രകല ആശയം അവതരിപ്പിക്കുന്നു | കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായിക്കാനായി നൽകുന്നു | **3 MONTHS** | **TEACHER PTA** | **Rs. 500/-** |
| നാമം ,സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു വാക്യഘടന മനസ്സിലാക്കുന്നു ചെറിയ മുദ്രവാക്യം എഴുതുന്നു | ചാർട്ടുകൾ നൽകി അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു കഥ, കവിത പൂരിപ്പിക്കുവാൻ നൽകുന്നു | **6 MONTHS** | **TEACHER PTA** | **Rs. 1000/-** |
| മാതൃഭാഷ ഏറ്റവും നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ പഠിപ്പിക്കുന്നു സ്നേഹം വളർത്തുന്നു | നാടകങ്ങൾ, രചന മത്സരങ്ങൾ എന്നിവ നടത്തുന്നു റോൾപ്ലേകൾ നടത്തുന്നു | **6 MONTHS** | **TEACHER PTA** | **Rs. 1000/-** |

# പദ്ധതി വിശദാംശങ്ങൾ

| അടിസ്ഥാനശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ശാസ്ത്ര പഠനം ആസ്വാദ്യമാക്കൽ | ലാബ് തയ്യാറാക്കൽ ആധുനികവൽക്കരണം സ്കൂളിലും വീടുകളിലുള്ള വിവിധയിനം ചെടികളുടെ രജിസ്റ്റർ തയ്യാറാക്കുന്നു | **6 MONTHS** | **TEACHER** | **Rs. 50000/-** |
| പ്രകൃതി സൗഹൃദബന്ധം | ജൈവവൈവിധ്യ പാർക്ക് ജൈവ പന്തൽ ജൈവ ബെഞ്ച് ബട്ടർഫ്ലൈ പാർക്ക് | **6 MONTHS** | **PTA, OSA** | **Rs. 50000/-** |
| ആരോഗ്യപരിപാലനം | മൂന്ന് നിലകളിലും ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കാൽ<br>സാനിറ്ററി നാപ്കിൻ ഡിസ്പോസൽ | **2 MONTHS** | **Health Club, Panchayath Primary Health Centre, Doctors** | **Rs. 75000/-** |
| സെമിനാർ കോമ്പറ്റീഷൻ | ഓരോ വിഷയത്തിലും കുട്ടികളെ സജ്ജരാക്കുന്നതിനായി സ്കൂൾതലത്തിൽ ഒരു സെമിനാർ കോമ്പറ്റീഷൻ വെക്കുന്നു ഓരോ വർഷവും സെമിനാറിന്റെ വിഷയങ്ങളിൽ മാറ്റം നൽകുന്നു | **1 MONTHS** | **TEACHER PTA** | **Rs. 1000/-** |

# പദ്ധതി വിശദാംശങ്ങൾ

## സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്കാദമിക മേഖലയെ ശാക്തീകരിക്കുന്നതിന് | പഠനയാത്രകൾ | 1 MONTHS | TEACHER PARENTS | Rs. 5000/- |
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ സുഗമമാക്കുന്നു | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുന്നു | 1 MONTHS | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | Rs. 5000/- |
| പ്രാദേശിക അറിവ് കൂടുതൽ നേടുന്നതിന് | അറിവ് ശേഖരിക്കാനായി അഭിമുഖം പ്രാദേശിക നേതാക്കളുമായി | 6 MONTHS | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | Rs. 2000/- |
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളി ലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | Rs. 500/- |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രീയ വിഷയങ്ങളെക്കുറിച്ച് സംവാദം പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | 3 മാസത്തിൽ ഒന്ന് വീതം | P T A | Rs. 1000/- |
| ഭൂപട വായന ക്രമീകരിക്കുക | ഭൂപട നിർമ്മാണം | 1 MONTHS | TEACHERS | Rs. 1000/- |

# പദ്ധതി വിശദാംശങ്ങൾ

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശിശു സൗഹൃദ പഠനം ഉറപ്പാക്കുന്നു | ഗണിത ലാബ് ശാക്തീകരണം, ഗണിത നിഘണ്ടു തയ്യാറാക്കൽ | വർഷം മുഴവൻ | TEACHER | Rs. 2000/- |
| ഗണിത ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തൽ | ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ, ഗണിത ലൈബ്രറി നിർമ്മാണം | 2 MONTHS | TEACHER, MATHS CLUB LEADER | Rs. 5000/- |
| ഗണിത പഠനം രസകരവും ആകർഷകമാക്കുക | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ ക്വിസ് പസിൽസ്, എക്സിബിഷൻസ് | 2 MONTHS | TEACHER, MATHS LEADER | Rs. 2000/- |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ കുട്ടികളെ പ്രാപ്തരാക്കുക | ഗണിത ഷീറ്റ് പ്രത്യേക ശ്രദ്ധ പഠന നിലവാരം കുറഞ്ഞ കുട്ടികൾക്ക് | വർഷം മുഴുവൻ | TEACHER | Rs. 1000/- |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപെടൽ സ്വയം രചനകൾ തയ്യാറാക്കാൻ ഗണിത റിസർച്ച് | ഗണിത മാഗസിൻ തയ്യാറാക്കൽ ചുമർ പത്രികകൾ ഗണിതശാസ്ത്രമേള ചോദ്യോത്തര പെട്ടി | 2 MONTHS | TEACHER | Rs. 1000/- |
| മികച്ച ഗണിത പ്രതികളെ കണ്ടെത്തൽ | Maths Talent Reserach പരീക്ഷ, ഗണിതോത്സവം | 2 MONTHS | TEACHERS | Rs. 1000/- |
| ICT ഉപയോഗം മെച്ചപ്പെടുത്തൽ | കുട്ടിയുടെ നേതൃത്വത്തിൽ ഗണിത വീഡിയോകൾ, മികച്ച രീതിയിൽ ഉള്ള ICT ഉപയോഗം | വർഷം മുഴുവൻ | TEACHER, STUDENT | Rs. 50000/ |
| ഗണിത ക്ലിനിക്ക് നിർമ്മാണം | ഗണിതത്തിൽ മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉൾപ്പെടുത്തി ഗണിത ക്ലിനിക് തയ്യാറാക്കൽ | 1YEAR | ഗണിത ലാബ് | Rs. 5000/ |
| പഠന സാമഗ്രികളുടെ നിർമ്മാണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സാമഗ്രികൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കൽ | വർഷം മുഴുവൻ | TEACHER, P T A | Rs. 3000/ |

# S S L C RESULT

| | | | |
|---|---|---|---|
| 2017 | Appeard | - | 324 |
| | Passed | - | 324 |
| | Full A+ | - | 28 |
| | 9A+, A | - | 25 |
| 2018 | Appeard | - | 304 |
| | Passed | - | 304 |
| | Full A+ | - | 43 |
| | 9A+, A | - | 25 |
| 2019 | Appeard | - | 278 |
| | Passed | - | 278 |
| | Full A+ | - | 46 |
| | 9A+, A | - | 27 |
| 2020 | Appeard | - | 337 |
| | Passed | - | 337 |
| | Full A+ | - | 47 |
| | 9A+, A | - | 23 |
| 2021 | Appeard | - | 316 |
| | Passed | - | 316 |
| | Full A+ | - | 175 |
| 2022 | Appeard | - | 345 |
| | Passed | - | 345 |
| | Full A+ | - | 66 |
| | 9A+, A | - | 33 |
| 2023 | Appeard | - | 320 |
| | Passed | - | 320 |
| | Full A+ | - | 66 |
| | 9A+, A | - | 33 |
| 2024 | Appeard | - | 314 |
| | Passed | - | 314 |
| | Full A+ | - | 76 |
| | 9A+, A | - | 28 |

## മികവിനായി ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ

- ഭാഷാ ലാബ്
- രചന ശിൽപ്പശാല
- മിനി സ്കൂൾ പ്ലാനിറ്റോറിയം
- ഡിജിറ്റൽ ലൈബ്രറി
- വിർച്ച്വൽ ക്ലാസ്സ് റൂം
- ആധുനിക സജ്ജീകരണങ്ങളുടെ കൂടിയ ശുചിമുറി
- ഗ്രോട്ടോ നിർമ്മാണം
- സംസ്ഥാന ദേശീയതലത്തിൽ കലാകായിക മത്സരങ്ങളിലെ പങ്കാളിത്തം
- പ്ലാസ്റ്റിക് വിമുക്ത സ്കൂൾ ക്യാമ്പസ്
- സ്കൂൾ കൗൺസിലിംഗ്
- മൾട്ടിമീഡിയ പ്രസന്റേഷൻ
- പോഷകാഹാര പരിപാടികൾ
- കൂടുതൽ അധ്യാപക ശാക്തീകരണ പരിപാടികൾ
- ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ
- പ്രകൃതി സൗഹൃദ ബന്ധം ഊട്ടിയുറപ്പിക്കൽ
- ഗണിത ക്ലിനിക്ക്
- പഠന സാമഗ്രികളുടെ നിർമ്മാണം
- പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ചുള്ള സ്നേഹഭവനം
- No D+ for S S L C Examination
- More A+ for S S L C Examination
- ഇംഗ്ലീഷ് പരിജ്ഞാനം
- വിവിധ കലാകായിക പരിശീലനങ്ങൾ '
- പഠനയാത്രകൾ

# <u>സ്കൂൾ വികസന കമ്മിറ്റി</u>

- വാർഡ് മെമ്പർ
- പി    ടി എ
- ഒ എസ് എ
- എം പി ടി എ
- വിരമിച്ച അധ്യാപകർ
- മുൻ പിടിഎ പ്രസിഡന്റുമാർ
- അധ്യാപകർ
- മാനേജ്മെൻറ് പ്രതിനിധികൾ
- അഭ്യുദയകാംക്ഷികൾ